**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2053** **30-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കോളനി നവീകരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കുന്ന പട്ടികജാതി കോളനി നവീകരണ പദ്ധതികൾ ഏതൊക്കെ എന്ന് അനുവദിച്ച തുക സഹിതം അറിയിക്കാമോ; | (എ) | അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിലെ അഞ്ച് കോളനികളെ തെരഞ്ഞെടുക്കുകയും വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട് 1 വെള്ളൂക്കര എസ്.സി.കോളനി, 2.മീനത്തുകര എസ്.സി കോളനി (പദ്ധതികൾക്ക് ഒരു കോടി രൂപ വീതം അനുവദിക്കുകയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ) 3.പാലയാട് എസ്. സി കോളനി, 4.തിരുത്തി എസ്. സി കോളനി (നവീകരണത്തിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.) 5.മൂഴിക്കൽ ഐ.എച്ച്.ഡി.പി.കോളനി (നവീകരണത്തിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.) കൂടാതെ പ്രളയക്കെടുതി മൂലം നാശം സംഭവിച്ച മങ്കര എസ്. സി കോളനിയുടെ പുനർനിർമ്മാണത്തിനായി 21,01,923/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എത്ര ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | ആകെ 235 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നു |
| (സി) | പ്രസ്തുത പദ്ധതികൾ ഏതൊക്കെ ഏജൻസികൾ മുഖാന്തിരമാണ് നിർവ്വഹണം നടത്തുന്നത് എന്ന് അറിയിക്കാമോ; | (സി) | പ്രസ്തുത കോളനികളുടെ പദ്ധതി നിർവ്വഹണം കോഴിക്കോട് ജില്ലാ നിർമ്മിതി കേന്ദ്രമാണ് നടത്തുന്നത്. |
| (ഡി) | കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം എന്ന ഏജൻസിയെ പി.എം.സി. എന്ന നിലയിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പ്രവൃത്തികളാണെന്ന് വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത കോളനികളുടെ പദ്ധതി നിർവ്വഹണം കോഴിക്കോട് ജില്ലാ നിർമ്മിതി കേന്ദ്രമാണ് നടത്തുന്നത്. |
| (ഇ) | പ്രസ്തുത പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽ | (ഇ) | എല്ലാ മാസവും ജില്ലാകളക്ടറുടെ നേതൃത്വത്തിലുള്ള |

| | | | |
|---|---|---|---|
| | തന്നെ നടപ്പിലാക്കുന്നുണ്ടോ എന്നത് അറിയിക്കാമോ; | | അവലോകന യോഗവും എം.എൽ.എ അദ്ധ്യക്ഷനായ മോണിറ്ററിംഗ് കമ്മറ്റിയും പദ്ധതി പുരോഗതി വിലയിരുത്തി വരുന്നു. |
| (എഫ്) | പ്രസ്തുത പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നുണ്ടോ എന്നത് പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (എഫ്) | എല്ലാ മാസവും ജില്ലാകളക്ടറുടെ നേതൃത്വത്തിലുള്ള അവലോകന യോഗവും എം.എൽ.എ അദ്ധ്യക്ഷനായ മോണിറ്ററിംഗ് കമ്മറ്റിയും പദ്ധതി പുരോഗതി വിലയിരുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ